## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *359 | 18.10. 2016 ൽ മറുപടിക്ക്

### ഊർജ്ജ ഓഡിറ്റിംഗ്

**ചോദ്യം**

ശ്രീ.പി.ടി.എ.റഹീം
ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ.ജോൺ ഫെർണാണ്ടസ്
ശ്രീ.കെ.വി.വിജയദാസ്

**ഉത്തരം**

ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)സംസ്ഥാനത്ത് ഊർജ്ജ ഓഡിറ്റിംഗ് നടത്താറുണ്ടോയെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ എല്ലാ വൻകിട ഊർജ്ജ ഉപഭോക്താക്കൾക്കും (HT/ EHT) ഊർജ്ജ ഓഡിറ്റിങ്ങ് നിർബന്ധമാക്കിയിട്ടുണ്ട്. ഊർജ്ജ ഓഡിറ്റിങ്ങ് നടത്തുന്നതിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 35 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്. 127 സ്ഥാപനങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് ഇ.എം.സിയ്ക്ക് ലഭിച്ചിട്ടുണ്ട്.<br><br>കൂടാതെ ഊർജ്ജസംരക്ഷണ നിയമം 2001- പ്രകാരം സംസ്ഥാനത്തെ 9 വൻകിട ഊർജ്ജ ഉപഭോക്താക്കളെ 'ഡെസിഗ്നേറ്റഡ് കൺസ്യൂമർ' ആയി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്ക് ഓരോ മൂന്ന് വർഷം കൂടുമ്പോഴും ഊർജ്ജ ഓഡിറ്റ് നിർബന്ധമാണ്. ഈ സ്ഥാപനങ്ങൾ ഊർജ്ജഓഡിറ്റ് നടത്തുന്നതിനു വേണ്ടി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി Acredited Energy Auditors ആയി 219 സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്.<br>കെ.എസ്.ഇ.ബി.പന്ത്രണ്ട് സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ട്. |
| (ബി)സർക്കാർ സ്ഥാപനങ്ങളിലും ചെറുകിട സ്ഥാപനങ്ങളിലും എനർജി ഓഡിറ്റിംഗ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഇ.എം.സിയുടെ ആഭിമുഖ്യത്തിൽ സർക്കാർ സ്ഥാപനങ്ങളിൽ സൗജന്യമായി ഊർജ്ജ ഓഡിറ്റിങ്ങ് നടത്തുന്നുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 4 സ്ഥപനങ്ങളിലും, 2015-16 സാമ്പത്തിക വർഷത്തിൽ 3 സ്ഥാപനങ്ങളിലും ഓഡിറ്റിങ്ങ് പൂർത്തിയാക്കി. 2016-17 സാമ്പത്തിക വർഷത്തിൽ 4 സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് പൂർത്തിയായി വരുന്നു. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനു വേണ്ടി 50% സബ്സിഡി നൽകുന്നുണ്ട്.<br>സംസ്ഥാനത്തെ ചെറുകിട സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി 'walk through energy audit scheme' എന്ന പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ 53 സ്ഥാപനങ്ങളും, 2016-17 സാമ്പത്തിക വർഷത്തിൽ 40 സ്ഥാപനങ്ങളിലും ഓഡിറ്റിങ്ങ് പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി |

| | |
|---|---|
| | ഇ.എം.സി 35 എനർജി ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്.<br>സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പടെ നാല് സ്ഥാപനങ്ങളിൽ കെ.എസ്.ഇ.ബി.എനർജി ഓഡിറ്റിംഗ് നടത്തി വരുന്നു. |
| (സി) എനർജി മാനേജ്മെന്റ് രംഗത്ത് പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. | (സി) ഊർജ്ജ മേഖലയിൽ പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി ഗവേഷകർക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായം നല്കിവരുന്നു. 2015-16 കാലയളവിൽ, ബയോഗ്യാസ് ചൂളയുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനുള്ള പഠനം, ഗാർഹിക മേഖലയിലെ വൈദ്യുത ഉപഭോഗം മെച്ചപ്പെടുത്തുന്നതിനുള്ള സർവേയും പഠനവും, കേരളത്തിലെ വീടുകളിലെ ഫിലമെന്റ് ബൾബുകൾ, സി.എഫ്.എൽ, എൽ.ഇ.ഡി മുതലായ ബൾബുകളുടെ ഉപയോഗത്തെ ക്കുറിച്ചുള്ള വിശദമായ സർവേയും പഠനവും തുടങ്ങിയ ഗവേഷണ പ്രോജക്ടുകൾക്ക് സഹായം എനർജി മാനേജ്മെന്റ് സെന്റർ മുഖേന നല്കിയിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ഊർജ്ജ മേഖലയിലെ അക്കാദമിക് പ്രോജക്ടുകൾ ചെയ്യുന്നതിനായി സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്.<br>കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖേന ഇ.സി.ഇ.ഇ. (എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി) നാഷണൽ സർവ്വീസ് സ്കീം വഴി ഊർജ്ജ സംരക്ഷണ പഠനം പ്രാഥമിക ഘട്ടം മലപ്പുറം ജില്ലയിൽ പൂർത്തിയായിട്ടുണ്ട്. |
| (ഡി) ഇതു സംബന്ധിച്ച് പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പ്രചരണ പരിപാടികൾ സംഘടിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ? | (ഡി) ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഈ മേഖലയിൽ നടത്തുന്ന പ്രചാരണ പരിപാടികൾ, ഗവേഷണങ്ങൾ എന്നിവ പത്ര ദൃശ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുവാൻ ആലോചിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ